# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2884** **10.03.2017-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യക്കൃഷി**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഉൾനാടൻ മത്സ്യക്കൃഷിയ്ക്ക് എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്; ലഭ്യമാക്കാനാകുന്ന ഫണ്ടുൾപ്പെടെ വിശദവിവരം നൽകുമോ; | എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ; | ബി) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം ശുദ്ധജല മത്സ്യ കൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുളള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും, ഓരുജലാശയങ്ങളിലെ കൂടുകൃഷി, കടലിലെ കൂടുകൃഷി, മത്സ്യകർഷകർക്കുളള പരിശീലനം എന്നീ പദ്ധതിഘടകങ്ങൾ ഉൾക്കൊള്ളിച്ച് ബ്ലൂറെവല്യൂഷൻ പദ്ധതി (50% കേന്ദ്രാവിഷ്കൃത പദ്ധതി) പ്രകാരം 1802.6 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുട നീളം നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, SPF(Specific Pathogen Free) കാരചെമ്മീൻ കൃഷി, കുളങ്ങളിലെ ആറ്റുകൊഞ്ചുകൃഷി, |

| | | |
|---|---|---|
| | | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ മുത്തുചിപ്പി, കല്ലുമ്മേക്കായ് എന്നിവയുടെ കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി എന്നി ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | കോങ്ങാട് മണ്ഡലത്തിൽ നിലവിൽ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഉൾനാടൻ മത്സ്യകൃഷി സംബന്ധിച്ച പദ്ധതികൾ എന്തൊക്കെയാണ്; എത്ര രൂപയുടെ ഫണ്ട് ഇതിനായി നൽകിയിട്ടുണ്ട്; വിശദവിവരം നൽകമോ? | സി) കോങ്ങാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ്‌വകുപ്പ് മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു ണ്ട്. മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിലെയും ടാങ്കുകളിലെയും മത്സ്യക്കൃഷി, അടുക്കളക്കുളങ്ങളിലെ കരിമീൻകൃഷി, കരിമീൻ മിനിഹാച്ചറി എന്നീ ഘടകപദ്ധതികൾ നടപ്പിലാക്കിയിട്ടു ണ്ട്. കുളങ്ങളിലെയും ടാങ്കുകളിലെയും മത്സ്യക്കൃഷിവിഭാഗത്തിൽ 301 കർഷകർക്കായി 47.88 ഏക്കർ വിസ്തൃതിയിൽ 1,86,890 കാർപ്പ് ഇനങ്ങളിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്തു.<br>കരിമീൻ അടുക്കളക്കുളം വിഭാഗത്തിൽ 5 കർഷകർക്കായി 17 യൂണിറ്റുകൾക്ക് 1479 കരിമീൻ കുഞ്ഞുങ്ങളേയും സൗജന്യമായി വിതരണം ചെയ്തിട്ടു ണ്ട്. കരിമീൻ മിനിഹാച്ചറി യൂണിറ്റും പ്രവർത്തിക്കുന്നു ണ്ട്. കോങ്ങാട് മണ്ഡലത്തിൽ ആകെ 157510 രൂപ മത്സ്യസമൃദ്ധി പദ്ധതിക്കായി ചെലവഴിച്ചിട്ടു ണ്ട്. |

സെക്ഷൻ ആഫീസർ

## അനുബന്ധം

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2015-18 വർഷ കാലയളവിൽ മത്സ്യസമൃദ്ധി II പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിക്ക് 2016-17 വർഷ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 1350 ലക്ഷം രൂപയ്ക്കും ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 1800 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ സംസ്ഥാന വിഹിതമായ 1350 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടു ണ്ട്. എന്നാൽ ആർ.കെ.വി.വൈ. വിഹിതമായ 1800 ലക്ഷം രൂപയിൽ ഒന്നാം ഗ ഡുവായി അനുവദിച്ച 400 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടു ണ്ട്. പദ്ധതി ഘടകങ്ങൾ താഴെപറയുന്നവയാണ്.

- കുളങ്ങളിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യകൃഷി
- പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ചു കൃഷി
- സംയോജിത മത്സ്യകൃഷി
- പൊക്കാളി / കൈപ്പാടു നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻ കൃഷി
- കരിമീൻ മിനി ഹാച്ചറികൾ
- കുളങ്ങളിലെ കരിമീൻ കൃഷി
- അടുക്കളക്കുളങ്ങൾ
- കൂടുകളിലെ കരിമീൻ കൃഷി
- ഞ ണ്ടു പരിപോഷണം / ഞ ണ്ടു കൃഷി
- കല്ലുമ്മേക്കായ കൃഷി
- മാതൃകാ കൂടുകൃഷി യൂണിറ്റുകൾ
- മാതൃകാ മത്സ്യഫാമുകൾ
- പടുതാക്കുളങ്ങളിലെ മത്സ്യകൃഷി
- പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ഓപ്പൺ വാട്ടർ റാഞ്ചിംഗ്

ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂറെവല്യൂഷൻ പദ്ധതിപ്രകാരം മത്സ്യ കൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുളള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും ഓരുജലാശയങ്ങളിലെ കൂടുകൃഷി, മത്സ്യകർഷകർക്കുളള പരിശീലനം, കടലിലെ കൂടുകൃഷി എന്നീ പദ്ധതികൾക്കായി 1802.6 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടമായി 400 ലക്ഷം രൂപ മത്സ്യ കർഷകവികസന ഏജൻസികൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടു ണ്ട്. ഇത് കൂടാതെ പൊതുജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് വിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 102.34678 ലക്ഷം രൂപയും ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടു ണ്ട്.

കൂടാതെ സംസ്ഥാ നത്തെ ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി

നൽകുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, SPF കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ ചിപ്പി, കല്ലുമ്മേക്കായ് കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അഡാക്ക് മുഖാന്തിരം കർഷകർക്ക് ഗുണ നിലവാരമുള്ള പൂമീൻവിത്തുകൾ വിതരണം ചെയ്തു വരുന്നു. അഡാക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശൂർ (100 ഹെക്ടർ), കണ്ണൂർ(300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾ നടപ്പാക്കുക വഴി ഉൾനാടൻ മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിനും നെൽകൃഷി ലാഭകരമായി നടത്തുന്നതിനും സാധിക്കും. കൂടാതെ പരിസ്ഥിതിലോല നീർത്തട പ്രദേശങ്ങളായ പൊക്കാളി പാടങ്ങൾ, കോൾ നിലങ്ങൾ എന്നിവയെ ഒരു പരിധി വരെ സംരക്ഷിക്കുന്നതിനും സാധിക്കും.

**സെക്ഷൻ ആഫീസർ**